## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ 06.02.2014 ലെ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 4947

### ഗ്രാമീണ കാർഷിക തൊഴിൽ പ്രവൃത്തി പരിചയ പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :**<br>**ശ്രീ. ജോസഫ് വാഴക്കൻ :**<br>**ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :**<br>**ശ്രീ. കെ. ശിവദാസൻ നായർ :** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ). സംസ്ഥാനത്ത് സയൻസ് & ടെക്നോളജി വകുപ്പിനു കീഴിൽ ഗ്രാമീണ കാർഷിക തൊഴിൽ പ്രവൃത്തി പരിചയ പരിപാടി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാന സർക്കാരിന്റെ കൃഷി വകുപ്പുമായി സഹകരിച്ച് 'അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി' (ATMA) പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന ഗ്രാമീണ കർഷകർക്ക് സസ്യപ്രജനന പരിപാലന രീതികളിൽ പ്രവൃത്തി പരിചയം നൽകി വരുന്നു. കമ്മ്യൂണിറ്റി അഗ്രോ ബയോടെക് റിസോഴ്സ് സെന്റർ (CARC) മുഖേന കൃഷിയുമായി ബന്ധപ്പെട്ട ചെറുകിട ബയോ ടെക്നോളജി പരിശീലന പരിപാടികൾ ചെയ്തുവരുന്നുണ്ട്. . |
| (ബി). പ്രസ്തുത പരിപാടിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി). കർഷകർക്ക് ചെടികളുടെ വിവിധ പ്രജനന രീതികൾ പഠിക്കാനുള്ള അവസരവും കൃഷി രീതികളിൽ ബയോ ടെക്നോളജിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുമുള്ള അവസരവുമാണ് ഒരുക്കുന്നത്. ഇതിലൂടെ ഗ്രാമീണ ജനതയുടെ സാമൂഹിക സാമ്പത്തിക വികസനമാണ് ലക്ഷ്യമാക്കിയിരിക്കുന്നത്. |
| (സി). ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പ്രോഗ്രാമുമായി സഹകരിക്കുന്നത് ; | (സി) കേരള സർക്കാരിന്റെ കൃഷി വകുപ്പിൻ കീഴിലുള്ള 'ATMA' സെന്ററുകൾ, CARC എന്നിവ. ഗ്രാമീണ കൃഷി മേഖലയ്ക്കാണ് ഇതിന്റെ ഗുണങ്ങൾ കൂടുതൽ ലഭിക്കുന്നത്. |
| (ഡി) ഏതെല്ലാം മേഖലയ്ക്കാണ് ഇതിന്റെ ഗുണങ്ങൾ ലഭിക്കുന്നത് ; വിശദമാക്കുമോ ? | (ഡി) ഗ്രാമീണ കർഷകർക്ക് ശാസ്ത്രീയമായ സസ്യപ്രജനനവും പരിപാലനവും മനസ്സിലാക്കുവാൻ സാധിക്കുന്നു. ഗ്രാമീണ കൃഷി രീതികളിലും ബയോ ടെക്നോളജിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. |

**സെക്ഷൻ ഓഫീസർ**